നാലായിരത്തോളം വീടുകളും ഇതിനോടകം നന്നാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം തന്നെ പുനരധിവാസ പാർപ്പിടപദ്ധതിയിൽപ്പെടുത്തി തകർന്ന ലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഏർപ്പാടുകളും ചെയ്തു. കഴിഞ്ഞവർഷം ഇതിന് രണ്ടുലക്ഷത്തിലേറെ രൂപ ഗവൺമെൻറ് ചെലവാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം ഭവനങ്ങൾ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്ന, സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന, ഭവനനിർമ്മാണ പദ്ധതിയുടെ പ്രയോജനം തകർന്ന മറ്റ് വീടുകൾക്കും ലഭ്യമാകുന്നുണ്ട്. അങ്ങനെ കഴിയുന്നിടത്തോളം ഗവൺമെൻറ് സഹായം വഴി ഉദ്ധരിക്കാൻ സാധിക്കുന്നുണ്ട്.

(8) എൻ. ഒ. സി. തട്ടിപ്പു കേസിനോടനുബന്ധിച്ച് വർക്കലയിൽ നടന്ന പോലീസ് മർദ്ദനം

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു അടിയന്തിര പ്രമേയത്തിന്റെ സ്വഭാവത്തിലുള്ളതും മന്ത്രിയുടെ അഭാവത്തിലും അങ്ങയുടെ നിർദ്ദേശാനുസരണവും ഞാൻ ഒരു സബ്മിഷനായി അവതരിപ്പിക്കുകയാണ്. ഇൻഡ്യയിൽ ഈ അടുത്ത കാലത്തായി ഒരു സാമൂഹ്യവിപത്തായി വന്നിട്ടുള്ളതാണ് എൻ. ഒ. സി. തട്ടിപ്പ് അതിനെതിരെ നടപടിയെടുക്കുമെന്ന് ഗവൺമെൻറ് പറഞ്ഞു. ഇന്നലെ വർക്കലയിൽ കുപ്രസിദ്ധനായ ഒരു എൻ. ഒ. സി. തട്ടിപ്പുകാരനെ നാട്ടുകാർ വളഞ്ഞുവച്ചു. അയാളെ യാദൃശ്ചികമായിട്ടാണ് അവിടെ വന്നത്. നാട്ടുകാർ തടഞ്ഞുവച്ച ആളിനെ പോലീസുകാർ ചെന്നു മോചിപ്പിച്ചു എന്നു മാത്രമല്ല, ചന്തയിൽ മീൻ വാങ്ങാൻ വന്ന സ്ത്രീകളും അടക്കം നിരപരാധികളായ നിരവധി പേരെ മർദ്ദിക്കുകയും ആകെ ഭീകരമായ അന്തരീക്ഷം ഉണ്ടാക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയാ സെക്രട്ടറി വെട്ടൂർ സദാശിവൻ അടക്കമുള്ള ആളുകൾ മർദ്ദനമേറ്റ് ആശുപത്രിയിലാണ്. ഇക്കാര്യത്തിൽ അവിടുത്തെ എല്ലാ കക്ഷികളും ഒരുമിച്ച് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല വർക്കലയിൽ അടുത്തകാലത്തായി ഒരു പോലീസ് ഉദ്യോഗസ്ഥൻ വന്നു. അദ്ദേഹം ഗൺഫ് സാധനങ്ങൾ കൊണ്ടേ തൃപ്തിപ്പെടൂ. ഫോറിൻ ബ്ലേഡ്, അടിവസ്ത്രങ്ങൾ തുടങ്ങിയ സാധനങ്ങൾ അദ്ദേഹത്തിന് കൈക്കൂലി കൊടുക്കണം. അദ്ദേഹത്തെ അടുത്തകാലത്ത് സ്ഥലംമാറ്റി, ആറ്റിങ്ങലിൽ നിന്ന് ഒരു പോലീസ് ഉദ്യോഗസ്ഥനെ കൊണ്ടുവന്നു. ഇത് മുഴുവൻ ശരിയാണെന്ന് ഇന്നത്തെ കേരള കൗമുദിയിൽ 'എൻ. ഒ. സി. തട്ടിപ്പ്, വിളഭാഗത്ത് ലാത്തിചാർജ്' എന്ന ഹെഡിങ്ങിൽ വന്നതാണ്. ഈ സാഹചര്യത്തിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണം നടത്തി, മേലിൽ ഇത് ഉണ്ടാകാതിരിക്കാൻ കർശനമായ നടപടികളും സ്വീകരിക്കണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, എൻ. ഒ. സി. തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട ഇടവാ അബ്ദുൾ സമദ് എന്ന ഒരാളെ ഒരു വീട്ടിൽ തടഞ്ഞുവെച്ചിട്ടുണ്ട് എന്ന വിവരം ലഭിച്ചതിനെ തുടർന്ന് ഒരു എസ്. ഐ. യും രണ്ട് പോലീസുകാരും സംഭവസ്ഥലത്തേക്ക് പോകുകയുണ്ടായി. അവർ അവിടെ എത്തിയപ്പോൾ അൻപതോളം ആളുകൾ അവിടെ തടിച്ചുകൂടിയിട്ടുണ്ടായിരുന്നു. അയാളുടെ പേരിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാം അയാളെ കൊണ്ടുപോകാൻ അനുവദിക്കണമെന്ന് അവരോട് പറഞ്ഞു. പോലീസുകാർ സമദിനെ കൊണ്ടുപോകാൻ അവിടെയുള്ള ആളുകൾ അനുവദിച്ചില്ല. ആളുകൾ കൂടിവന്നു. വർക്കലയിൽ നിന്ന് എസ്. ഐ. യും

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയും സംഭവസ്ഥലത്ത് എത്തി. എൻ.ഒ.സി. തട്ടിപ്പിൽപ്പെട്ട സമദിനെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകുവാൻ അനുവദിക്കണമെന്നും അദ്ദേഹത്തിന്റെ പേരിൽ കേസ് എടുക്കാമെന്നും അവർ പറഞ്ഞുവെങ്കിലും നാട്ടുകാർ സമ്മതിച്ചില്ല. ആളുകൾ വർദ്ധിച്ച് പത്തഞ്ഞൂറോളമായി. ആറിങ്ങലിൽ നിന്ന് കൂടുതൽ പോലീസ് പാർട്ടി സംഭവസ്ഥലത്ത് എത്തുകയും പോലീസിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയതിന്റെ പേരിൽ അവിടെ കൂടിയ അഞ്ചുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അതോടൊപ്പം എൻ.ഒ.സി. തട്ടിപ്പുകേസിലെ പ്രതിയായ സമദിനെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും ചെയ്തു. എൻ.ഒ.സി. തട്ടിപ്പ് കേസുകൾ ഫലപ്രദമായി കണ്ടുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അന്വേഷണം നടത്തിവരികയാണ്.

IV മേശപ്പുറത്തു വച്ച കടലാസുകൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.ഇ.അഹമ്മദ്): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മെട്രോപോളിറ്റൻ ഇഞ്ചിനീയറിംഗ് കമ്പനി ക്ലിപ്തത്തിന്റെ 1981-ലേക്കുള്ള വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985 ജനുവരി 3-ാം തീയതിയിലെ ജി.ഒ. (പി.) നമ്പർ 2/85/റവന്യൂ. ഡി. (എസ്. ആർ. ഒ. നമ്പർ 169/85).

(2) 1985 ജൂൺ 1-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 53/85/റവന്യൂ. ഡി. (എസ്. ആർ. ഒ. നമ്പർ 829/85).

(3) 1985 ജൂൺ 4-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 63/85/റവന്യൂ. ഡി. (എസ്. ആർ. ഒ. നമ്പർ 830/85).

V റിപ്പോർട്ട് സമർപ്പണം

(1) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തി അഞ്ചാമതു റിപ്പോർട്ട്

ശ്രീ. സി. വാസുദേവമേനോൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 85-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ട്

ശ്രീ. എ. സി. ജോസ്: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 16-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly